## സ്വാമി ശരണം

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം-1, 0471-2337790

# ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നെയ്യാറ്റിൻകര ഗ്രൂപ്പിലെ പുകിലന്തറ ദേവസ്വത്തിലെ അഞ്ച് മൂട് മാഞ്ചിയം മരങ്ങൾ (ബോർഡ് ആർ.ഒ.സി. നമ്പർ 6393/21/എം, തീയതി 15/12/2021 ഉത്തരവ് പ്രകാരം) ടി ദേവസ്വത്തിൽവച്ച് എസ്റ്റേറ്റ് ഡിവിഷൻ മുഖാന്തിരം ഓൺലൈൻ ആയി **03/01/2022** പകൽ **11** മണിക്ക് (അടിസ്ഥാനതുക 1,09,243/-) പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ലേലസമയത്തിന് മുമ്പ് 10,000/-രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യത്തോട് കൂടി ക്വട്ടേഷനുകളും ലേലസമയത്തിനു മുമ്പ് ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിവച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 10 ദിവസത്തിനകം മരങ്ങൾ വെട്ടിയെടുത്ത് നീക്കംചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ എടുക്കുന്നതായിരിക്കും. ലേലം പിടിക്കുന്നയാൾ/ക്വട്ടേഷൻ നൽകുന്നയാൾ വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 18%(ജി.എസ്.റ്റി) നികുതിയും, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് ആയി ആകെ തുകയുടെ 5% നൽകി ദേവസ്വം ബോർഡിൽ നിന്നുതന്നെ രസീത് വാങ്ങേണ്ടതുമാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ലേലദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും.തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേലവ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, നെയ്യാറ്റിൻകര അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ, പുകിലന്തറ ദേവസ്വം ആഫീസുമായോ ബന്ധപ്പെടാവുന്നതാണ്.കൂടാതെ നിലവിൽ കോവിഡ് -19 നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ ലേലനടപടികൾ സ്വീകരിക്കുകയുള്ളു എന്ന വിവരവുംകൂടി അറിയിച്ചുകൊള്ളുന്നു.

Sd/-
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എസ്റ്റേറ്റ് ഡിവിഷൻ

തിരുവനന്തപുരം
22/12/2021